(2) പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ 13 മുതൽ 15 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, ഞാൻ പട്ടികജാതി–പട്ടിക വർഗ്ഗ ക്ഷേമസമിതിയുടെ പതിമൂന്നു മുതൽ പതിനഞ്ചുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(3) ഹർജികൾ സംബന്ധിച്ച സമിതിയുടെ ആറും, ഏഴും റിപ്പോർട്ടുകൾ

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഹർജികൾ സംബന്ധിച്ച സമിതിയുടെ ആറും ഏഴും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

VI. ഇലക്ട്രിസിറ്റി ബോർഡിന്റെ വാർഷിക റിപ്പോർട്ട്, ആഡിറ്റ് റിപ്പോർട്ട് എന്നിവ മേശപ്പുറത്തുവയ്ക്കാത്തതിനെ സംബന്ധിച്ച്

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് 69–ാം വകുപ്പനുസരിച്ച് അതിന്റെ അക്കൗണ്ട്സ്, കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻമാരോ പരിശോധിക്കണമെന്നാണ് പറയുന്നത്. കൂടാതെ ഇപ്രകാരം പരിശോധിക്കപ്പെടുന്ന ആഡിറ്റ് റിപ്പോർട്ട് 6 മാസത്തിനുള്ളിൽ സ്റ്റേറ്റ് ഗവൺമെന്റിന് അയച്ചിരിക്കണം. 5–ാം വകുപ്പനുസരിച്ച് സ്റ്റേറ്റ് ഗവൺമെന്റ് ഈ ഓഡിറ്റ് റിപ്പോർട്ട് സംസ്ഥാന നിയമസഭയിൽ സമർപ്പിച്ചിരിക്കണം. 6 മാസത്തിനുള്ളിൽ ഇത് ചെയ്യേണ്ടതാണ്. ഞാൻ നിയമസഭാലൈബ്രറിയാകെ പരിശോധിച്ചു. ഇതുവരെ ഇലക്ട്രിസിറ്റി ബോർഡിന്റെ ആഡിറ്റ്റിപ്പോർട്ട് മേശപ്പുറത്ത് വച്ചിട്ടില്ല. കഴിഞ്ഞ 24-ാം തീയതി ആനുവൽ റിപ്പോർട്ട് അവതരിപ്പിച്ചു. ആനുവൽ റിപ്പോർട്ട് ഇലക്ട്രിസിറ്റി സപ്ലൈ ആക്ടിലെ 75–ാം വകുപ്പനുസരിച്ചുള്ളതാണ്. അതിൽ 28–ാം പേജിൽ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. അതുകൂടി പറഞ്ഞാലേ ചിത്രം പൂർത്തിയാകുകയുള്ളൂ. 28-ാം പേജിലെ ആദ്യപാരഗ്രാഫായിട്ട് പറയുന്നത്...

Accounts, Finance & Audit:

This is the 28th Annual Report of the Kerala State Electricity Board which covers the period from 1st April 1984 to 31st April 1985. The figures furnished hereunder are purely provisional subject to the finalisation in audit and certification by the Accountant General under Section 69 of the Electricity (supply) Act 1948.

ഇതാണ് ഞാൻ നേരത്തെ പറഞ്ഞത്. ഈ തന്നിരിക്കുന്ന റിപ്പോർട്ടിൽപ്പോലും ആഡിറ്റ് എന്നൊരു വാക്കുണ്ടെന്നല്ലാതെ 84–ൽ 69–ാം വകുപ്പനുസരിച്ചുള്ള ആഡിറ്റ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. 75-ാം വകുപ്പനുസരിച്ച് ഒരു ആനുവൽ റിപ്പോർട്ട് തരണം. ഓരോ സാമ്പത്തിക വർഷത്തിലും വിദ്യുച്ഛക്തി ബോർഡ് ആനുവൽ റിപ്പോർട്ട് തരണമെന്നാണ് നിയമത്തിലുള്ള വ്യവസ്ഥ. ഇവിടെ തന്നിരിക്കുന്ന റിപ്പോർട്ട് അതിന്റെ ലംഘനമാണ്. ഇവിടെതന്നിരിക്കുന്ന റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

84–85ലേതാണ്. അപ്പോഴും വകുപ്പ് 75-ഉം ലംഘിച്ചിരിക്കുന്നു. 3-ാമത് റിപ്പോർട്ട് തരേണ്ടത് 61 അനുസരിച്ചാണ്. വകുപ്പ് 61-ൽ പറയുന്നത് ഇലക്ട്രിസിറ്റി ബോർഡിന്റെ ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റ് ഫെബ്രുവരി മാസത്തിൽ തരണമെന്നാണ്. അപ്പോഴും, ന്യായപ്രകാരം ബഡ്ജറ്റ് സെഷനിലാണ് അത് തരേണ്ടത്, അത് തന്നില്ലെന്നു ള്ളതോ പോകട്ടെ, അതിന്റെകൂടെ വേറൊന്നുകൂടി അവർ ചെയ്തു. അതായത് പ്രീവിയസ് ഇയറിലെ ഒരു സപ്ലിമെന്ററി സ്റ്റേറ്റ്മെന്റ് കൂടി ചേർത്തു. ഈ നിയമത്തിലെ 5-ാം ഉപവകുപ്പിൽ കറന്റ് ഫിനാൻസ് ഇയറിലെ സപ്ലിമെന്ററി സ്റ്റേറ്റുമെന്റെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. പ്രീവിയസ് ഇയറിലെ സപ്ലിമെന്ററി സ്റ്റേറ്റ്മെന്റ് കൊടുക്കാൻ നിയമപ്രകാരം അവകാശമില്ല. ഇത് ഈ സഭയോട് ചെയ്യുന്ന ഒരു വലിയ അനാദരവാണ്. അതുമാത്രമല്ല കേന്ദ്രനിയമത്തിന്റെ തുടർച്ച യായ ലംഘനവുമാണ്. ഈ ലംഘനത്തിനെതിരായി ശക്തിയായ നടപടി ക്രമം ഉണ്ടാകണം.

ശ്രീ. കാനം രാജേന്ദ്രൻ: സർ, സെക്ഷൻ 61-ൽ ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിന്റെ കാര്യമാണ് പറഞ്ഞിരിക്കുന്നതെന്നു ശ്രീ. വർക്കല രാധകൃഷ്ണൻ പറഞ്ഞു. അതോടൊപ്പംതന്നെ ഈ സ്റ്റേറ്റ്മെന്റിനെ സംബന്ധിച്ച് പറയുന്നത് .... The said statement shall include a statement of the salaries of members and officers and other employees of the Board and of such other particulars as may be prescribed എന്നാണ്. ഇവിടെ കിട്ടിയി രിക്കുന്ന സ്റ്റേറ്റ്മെന്റിൽ ഈ ഭാഗം ഉൾപ്പെടുത്തിയിട്ടില്ല.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ച മുഴുവൻ വിവരങ്ങളും കിട്ടിയിട്ടില്ല. ശ്രീ. വർക്കല രാധാകൃഷ്ണൻ അങ്ങയ്ക്കു തന്ന കത്തിന്റെ കോപ്പി എനിക്ക് ലഭിച്ചത് ഇന്നു രാവിലെ എട്ടുമുക്കാൽ മണിക്കാണ്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വിശദമായി പരിശോധിച്ച് നാളെ മറുപടി പറഞ്ഞാൽ മതിയെങ്കിൽ അങ്ങനെ ചെയ്യാം. ഞാൻ പറയുന്ന മറുപടി അസത്യമോ അപൂർണ്ണമോ ആകാതിരിക്കാൻ വേണ്ടിയാണ് ഞാൻ ഇത് പറയുന്നത്.

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ശ്രീ. വർക്കല രാധാകൃഷ്ണനും ശ്രീ. കാനം രാജേന്ദ്രനും ഉന്നയിച്ചിട്ടുള്ളത്. അതിന് സ്വാഭാവികമായും സമയം വേണ്ടിവരും. അങ്ങനെയാണെങ്കിൽ ഇന്നു സഭാനടപടികൾ അവസാനിക്കുന്നതിനുമുൻപ് അങ്ങ് മറുപടി പറഞ്ഞാൽ മതി.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇന്ന് ഡിമാൻഡായതു കൊണ്ട് ഞാൻ ഇവിടെ ഉണ്ടായേ പറ്റൂ. പുറത്തുപോയി പഠിക്കാനുള്ള സമയമില്ല. എനിക്ക് കിട്ടിയ മറുപടി വേണമെങ്കിൽ ഞാൻ ഇപ്പോൾ തന്നെ പറയാം.

മി. സ്പീക്കർ: അങ്ങ് ഒന്നുകൂടി പഠിച്ചതിനുശേഷം ഇന്ന് സഭാ നടപടികൾ തീരുന്നതിനുമുമ്പായി മറുപടി പറഞ്ഞാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സഭാനടപടികം തീരുന്നതിനു മുമ്പായി പഠിച്ചു പറയാൻ സമയം കിട്ടുകയില്ല. പഠിച്ച് പറയണമെന്നുണ്ടെങ്കിൽ നാളെവരെ സമയം തരണം. സെക്രട്ടേറിയറ്റിൽനിന്ന് എഴുതിത്തരുന്നത് വായിച്ചാൽ മതിയെങ്കിൽ സഭാനടപടികം തീരുന്നതിനുമുമ്പായി പറയാം. എനിക്ക് കിട്ടിയിട്ടുള്ള വിവരങ്ങം ഞാൻ ഇപ്പോംതന്നെ പറയാം. ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞ ചില കാര്യങ്ങം ശരിയാണ്. ഇന്ന് ഈ കത്ത് ലഭിച്ചതിനുശേഷം എനിക്ക് ലഭിച്ച നോട്ട് ഞാൻ അങ്ങയുടെ പരിഗണനയ്ക്കും സഭയുടെ പരിഗണനയ്ക്കുമായി സമർപ്പിക്കുന്നു. The Financial Statement for 1986-87 regarding the statement of salaries, these details included in a second volume was omitted to be given This will be placed before the Legislature immediately.. .....അദ്ദേഹം പറഞ്ഞ ഒരു പോയിന്റ് ശരിയാണ്. ഇതിനോടുകൂടി വയ്ക്കേണ്ട annexure ഉണ്ട്. അതിന്റെ ഒരു കോപ്പി ഞാൻ ഇപ്പോംതന്നെ ശേഖരിച്ചു വച്ചിട്ടുണ്ട്. ആ സ്റ്റേറ്റ്മെന്റിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയെടുത്തോ അല്ലെങ്കിൽ പ്രിന്റ് ചെയ്തോ കഴിയുന്നതും വേഗംതന്നെ നിയമസഭയിൽ എത്തിക്കാൻ വേണ്ട നടപടികം ചെയ്യാം. അതൊരു ഒമിഷനാണെന്നാണ് സെക്രട്ടേറിയറ്റിൽനിന്നു കിട്ടിയ മറുപടി.

'Regarding the supplementary statement, being filed only in the subsequent year'..... That is only filed in the subsequent year, not in the same year..... supplementary statement is being prepared only towards the end of the Financial year. The requirement of placing it before the end of the Financial year, ie. 31st March will be followed in future.

Annual Report 1984–85 regarding the statement in the report that the figures are provisional. This statement was made because the audit is not yet over.....' അദ്ദേഹം തന്നെ പറഞ്ഞതാണ്. A. G. has to give it. The final figures have to be audited by the A. G. and then only the final figures can be placed before the Legislature that has not been received upto this time. It is with the Accountant General and whenever it is finalised, and audited, and given to the Electricity Board, that will be supplied to the Legislature as prescribed in the Indian Electricity Supply Act. There has been considerable delay in the compiling and the Board has been endeavouring to reduce the delay. Annual Report for 1985-86 for furnishing this, the accounts of the K. S. E. B. has to be compiled. All efforts are being taken to compile as expeditiously as possible.

സർ, ഇത് അവിടെ ചെയ്യാൻ വളരെ ശ്രമിച്ചിട്ടുണ്ട്.

11 A.M.] ലാൽ ബഹദൂർ ശാസ്ത്രി സെന്ററിൽ ഇതിന്റെ പണികം നടന്നുകൊണ്ടിരിക്കുകയാണ്. 1986 മാർച്ച് വരെയുള്ള അക്കൗണ്ടുകം പൂർത്തിയാക്കി ഈ ജൂലൈയിൽതന്നെകിട്ടും എന്നുള്ള നിലയ്ക്ക് ഇപ്പോൾ അതിന്റെ അവാസാനഘട്ടം നടന്നുകൊണ്ടിരിക്കുകയാണ് മുമ്പൊക്കെ അഞ്ചാറുകൊല്ലം പെൻഡിംഗ് ആയിരുന്നു. ഇപ്പോൾ രണ്ടു മൂന്നു മാസത്തെ പെൻഡിങ്ങേയുള്ളു. ഏപ്രിൽ, മേയ്, ജൂൺ ആകുന്നതേയുള്ളു. ഏതായാലും നാലുമാസം പൂർത്തിയാകുന്നതിനുമുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഈ 1986 അവസാനംവരെയുള്ള അക്കൗണ്ട്സ് ഇലക്ട്രിസിറ്റി ബോർഡിന് അപ്-ററു-ഡേറ്റ് ആക്കാൻ കഴിയുമെന്നുള്ള നിലയ്ക്ക് ആണ് ഇപ്പോഴം നീങ്ങുന്നത്. ഇതാണ് എനിക്ക് ഇപ്പോഴം കിട്ടിയ വിവരം. ഇതിൽ എന്തെങ്കിലും മാറ്റം ഉണ്ടെങ്കിൽ ഞാൻ അങ്ങയേയും ഈ സഭയേയും തീർച്ചയായിട്ടും അറിയിക്കും.

മി. സ്പീക്കർ: ഇവിടെ ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണനും ശ്രീ. കാനം രാജേന്ദ്രനും ചൂണ്ടിക്കാണിച്ച പ്രശ്നത്തെസംബന്ധിച്ച് കിട്ടിയിടത്തോളം റിപ്പോർട്ടുകൾ വച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ വിശദീകരണം പറഞ്ഞു. ഇതുസംബന്ധിച്ച് ചെയറിന്റെ റൂളിംഗ് ഇന്നത്തെ സഭാനടപടികൾ തീരുന്നതിനുമുമ്പു തന്നെ പറയുന്നതാണ്. അതുകൊണ്ട് ധനകാര്യവുമായി മുന്നോട്ടു പോകാൻ മന്ത്രിയെ അനുവദിച്ചിരിക്കുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഈ ഡിമാൻഡ് ചർച്ചചെയ്യുന്നതിനുമുമ്പ് സഭയെ അറിയിക്കേണ്ട വിവരമാണ്. അത് ഡിമാൻഡ് ചർച്ച തീർന്നതിനുശേഷം കിട്ടിയാൽ മതിയോ?

മി. സ്പീക്കർ: ഇത് ബഹുമാനപ്പെട്ട മന്ത്രി റിപ്ലൈ ചെയ്യുന്നതിനുമുമ്പ് പറയും.

VII. ധനകാര്യം

1986-87 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XL—വൈദ്യുത പദ്ധതികൾ

Minister for Electricity and Power (**Shri. R. Balakrishna Pillai**): Sir, I move that the amount shown in column 7 of the list referred to the order paper be granted to complete the sum necessary to defray the charges, that will come in course of payment during the year 1986-'87, in respect of the Head of payment entered against it namely Demand XL - Power. †

Minister for Co-operation (**Smt. M. Kamalam**): Sir, I second it.

ധനാഭ്യർത്ഥന നമ്പർ-XXXIII ക്ഷീരവ്യവസായം

ധനാഭ്യർത്ഥന നമ്പർ-XXXIV മത്സ്യബന്ധനം

Minister for Fisheries (**Shri A. L. Jacob**): Sir, I move that the amount shown in column 7 of the list referred to the order paper be granted to complete the sum necessary to defray the charges that will come in course of payment during the year 1986-87 in respect of the Head of Payment entered against them namely Demand-XXXIII Dairy and Demand XXXIV Fisheries. †

Minister for Finance (**Shri Thachady Prabhakaran**): Sir, I second it.

ധനാഭ്യർത്ഥന നമ്പർ XXXIII ക്ഷീരവ്യവസായം

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ക്ഷീരവ്യവസായം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly